**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ ഫറോക്ക് നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഫറോക്ക് ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന പ്രസ്സ് ക്ലബിന്റെ വാടക ഒഴിവാക്കി നൽകുന്നതിന് ഫറോക്ക് നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ)നം. 643/2020/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 17.03.2020

പരാമർശം: 1) ഫറോക്ക് നഗരസഭയുടെ 09.07.2019 ലെ 19-ാം നമ്പർ തീരുമാനം.
2) ഫറോക്ക് നഗരസഭ ചെയർപേഴ്സന്റെ 10.07.2019 ലെ കത്ത്.
3) നഗരകാര്യ ഡയറക്ടറുടെ 19.10.2019 ലെ G3-19380/19 നമ്പർ കത്ത്.

**ഉത്തരവ്**

ഫറോക്ക് നഗരസഭാ പരിധിയിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ബസ്സ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സിൽ 4/557 എ നമ്പർ കെട്ടിട മുറി ഫറോക്ക് ഗ്രാമപഞ്ചായത്ത് ബോർഡിന്റെ 25/09/2012-ലെ 9 (13)-ാം നമ്പർ തീരുമാന പ്രകാരം ഫറോക്ക് പ്രസ്സ് ക്ലബിന് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും നിശ്ചയിച്ച് തരുന്ന വാടക ബാധകമായിരിക്കുമെന്ന വ്യവസ്ഥയിൽ അനുവദിക്കുന്നതിന് തീരുമാനിച്ചിരുന്നു. ആയത് പ്രകാരം പഞ്ചായത്ത് സെക്രട്ടറിയും, പ്രസ്സ് ക്ലബ് സെക്രട്ടറിയും കൂടി 21/01/2013 മുതൽ 11 മാസത്തേയ്ക്ക് വാടക കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിരുന്നു. കെട്ടിടത്തിന് വാടക നിരക്ക് നിശ്ചയിച്ച് നൽകുന്നതു വരെ പ്രതിമാസം 1,315 രൂപ നിരക്കിൽ അടവാക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വാടക അടവാക്കി വരികയും ചെയ്തിരുന്നു. പ്രതിവർഷം. 5 % വർദ്ധനവ് വരുത്തി 2013-14 മുതൽ 2018 2019 മാർച്ച് മാസം വരെ നഗരസഭയിൽ തുക ഒടുക്കിയിട്ടുള്ളതാണ്. ഫറോക്ക് പ്രസ്സ് ക്ലബ് സാമൂഹിക-സാംസ്കാരിക മേഖലയിൽ നൽകുന്ന സഹായങ്ങൾ പരിഗണിച്ച് പ്രസ്സ് ക്ലബിനെ 2019-2020 സാമ്പത്തിക വർഷം മുതൽ വാടക നൽകുന്നതിൽനിന്ന് ഒഴിവാക്കണമെന്ന് പരാമർശം(1) പ്രകാരം തീരുമാനിക്കുകയും പരാമർശം (1) & (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(1) പ്രകാരമുള്ള നഗരസഭ തീരുമാനത്തിന്റെയും പരാമർശം(2) പ്രകാരമുള്ള നഗരസഭ ചെയർപേഴ്സന്റെ അഭ്യർത്ഥന കണക്കിലെടുത്തും പരാമർശം(3) പ്രകാരമുള്ള നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഫറോക്ക് നഗരസഭയുടെ ഉടമസ്ഥതയിലുള്ള 4/557 എ(6/684 എ) കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്സ് ക്ലബിനെ 2019-2020 സാമ്പത്തിക വർഷം മുതൽ വാടകയിൽ നിന്നും ഒഴിവാക്കി നൽകുന്നതിന് ഫറോക്ക് നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സബിത.എസ്.ഡി.**

ഡെപ്യൂട്ടി സെക്രട്ടറി.

ചെയർപേഴ്സൺ, ഫറോക്ക് നഗരസഭ.
സെക്രട്ടറി, ഫറോക്ക് നഗരസഭ. (നഗരകാര്യ ഡയറക്ടർ മുഖേന)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ/എൽ.ബി.എ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
തദ്ദേശ സ്വയം ഭരണ (ഇ.യു) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർസി.2/133/2019/ത.സ്വ.ഭ.വ.).

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.